Mangalam

8 April 2016

# മലബാർ സിമെന്റ്സിന്റെ ലാഭക്കണക്ക് പെരുപ്പിച്ചതെന്ന് യൂണിയനുകൾ

സ്വന്തം ലേഖകൻ

പാലക്കാട്

പൊതുമേഖലാ സ്ഥാപനമായ മലബാർ സിമെന്റ്സ് കഴിഞ്ഞ സാമ്പത്തിക വർഷം 39 കോടി രൂപ ലാഭത്തിലാണെന്ന മാനേജ്മെന്റ് വാദം പെരുപ്പിച്ച് കാണിച്ചതെന്ന് ആക്ഷേപം. ആദ്യ കണക്കുകൾ പ്രകാരം കമ്പനിക്ക് 450 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായതായും മാനേജ്മെന്റ് അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ മാനേജ്മെന്റിന്റെ കണക്കുകൾ തള്ളി തൊഴിലാളി യൂണിയനുകൾ രംഗത്തെത്തി. വിൻഡോ ഡ്രസിങ് രീതിയിലൂടെ പെരുപ്പിച്ചെടുത്തതാണ് ലാഭ കണക്കെന്നാണു ആക്ഷേപം.

ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന സിമെന്റിനുവരെ പുതിയ വില പ്രകാരം മൂല്യം കണക്കാക്കിയതായി പറയുന്നു. സിമെന്റിനു വിപണി വില കൂടിയ സാഹചര്യത്തിൽ വിറ്റുവരവ് വർധിക്കുന്നത് സ്വാഭാവികമാണ്. സിമെന്റ് ഉൽപ്പാദനത്തിൽ വർധനയുണ്ടായതായി മാനേജ്മെന്റ് അവകാശപ്പെടുമ്പോൾ ക്ലിങ്കർ ഉൽപ്പാദനത്തിലെ കുറവ് മറച്ചുവയ്ക്കുകയാണ്.

വാളയാർ, ചേർത്തല പ്ലാന്റുകൾക്കാവശ്യമായ ക്ലിങ്കർ വാളയാറിൽ നേരത്തെ ഉൽപ്പാദിപ്പിച്ചിരുന്നതാണ്. ഇത് അട്ടിമറിച്ച് ക്ലിങ്കർ ഇറക്കുമതി ചെയ്തതിലൂടെ കോടികളാണു നഷ്ടപ്പെട്ടത്.

സാമൂഹിക സുരക്ഷാ പദ്ധതികൾക്കു വേണ്ടി സുതാര്യമല്ലാത്ത രീതിയിൽ തെരഞ്ഞെടുപ്പും ചെലവഴിക്കലും നടത്തിയതു സംബന്ധിച്ച പരാതി വിജിലൻസ് അന്വേഷണത്തിലാണ്.

സർക്കാരിൽ നിന്നു ലഭിച്ച 76.80 കോടിരൂപ വായ്പയാണെങ്കിൽ പിന്നെ ബാങ്കിൽ നിന്നു മറ്റൊരു 50 കോടിരൂപ കൂടി വായ്പയെടുത്തതും ചോദ്യചിഹ്നമാകുന്നു. കമ്പനിയിലുണ്ടായിരുന്ന നീക്കിയിരുപ്പ് നിക്ഷേപം സംബന്ധിച്ചും അവ്യക്തതയുണ്ട്.

കൊച്ചി തുറമുഖത്ത് ആരംഭിക്കുന്ന ബൾക്ക് സിമെന്റ് ആൻഡ് അലൈഡ് ഹാൻഡ്‌ലിങ് യൂണിറ്റിന്റെ മുതൽ മുടക്കായി സർക്കാർ 12.08 കോടി അനുവദിച്ചതായും മാനേജ്മെന്റ് പറയുന്നു. ഇത് ഏതിനത്തിൽ ലഭിച്ചുവെന്നതു വ്യക്തമല്ല.അസംസ്കൃത വസ്തുക്കൾ കമ്പനിയിൽ നേരിട്ട് എത്തിക്കണമെന്ന വ്യവസ്ഥയിലാണു മുൻകാലങ്ങളിൽ കരാർ ഉണ്ടാക്കിയിരുന്നത്. അതിനു പകരം കൊച്ചിയിൽ ബൾക്ക് മെറ്റീരിയൽ ഹാൻഡ്‌ലിങ് സംവിധാനം കോടികൾ മുടക്കി ഏർപ്പെടുത്തുന്നതിലും ദുരൂഹതയുണ്ട്. മണലും മറ്റ് കെട്ടിട നിർമാണ സാമഗ്രികളും ഇറക്കുമതി ചെയ്ത് വിപണനം നടത്താൻ സിഡ്കോ പോലുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളും ഉണ്ടെന്നിരിക്കെയാണ് അവരാരും ആവശ്യമായി കാണാത്ത ബൾക്ക് മെറ്റീരിയൽ ഹാൻഡ്‌ലിങ് പദ്ധതിയുമായി സിമെന്റ്സ് രംഗത്തുള്ളത്.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും കമ്പനി ലാഭമുണ്ടാക്കിയിരുന്നു. ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾക്ക് ഇടയാക്കിയ അഴിമതി ഇടപാടുകൾ നടന്നതും അക്കാലത്തായിരുന്നു.